**1028**

വരും പ്രാണപ്രിയൻ വിരവിൽ തന്റെ കാന്തയെ ചേർത്തിടുവാൻ
തന്റെ രക്തത്താൽ വീണ്ടെടുത്ത പ്രിയയെ
തൻകൂടെന്നെന്നും വാണിടുവാൻ

1 ലോകരാഷ്ട്രങ്ങളാകവേയിളകും അതിൻശക്തിയോ ബലഹീനമാകും
കർത്തൻ വരവിനെ കാത്തിടും ശുദ്ധരോ
അവർ പുതുക്കിടും ശക്തിയെ ദിനവും-

2 കഷ്ടം നിന്ദകളേറി വരികിലും കഷ്ടം സഹിച്ചവൻ കൂടെയുണ്ടെന്നും
തിരുസാന്നിദ്ധ്യം ആനന്ദം നൽകും തിരുക്കരങ്ങളാൽ താങ്ങി നടത്തും-

3 മണവാളൻ തൻവരവു സമീപം ഉണർന്നിടുക നാം അതിവേഗം
തെളിയിച്ചിടുക നമ്മൾ ദീപം അന്നു ചേർന്നിടും നാം തൻസമീപം-

4 വാട്ടം മാലിന്യം ലേശമില്ലാത്ത സ്വർഗ്ഗനാടതിൽ വാണിടും മോദാൽ
തേജസ്സോടെ നാം യേശുവിൻകൂടെ വാഴും ശോഭാപരിപൂർണ്ണരായി-
**M.E.C.**